കൂടാതെ മറ്റ് വകുപ്പുകൾ കൂടി ഉൾപ്പെടുന്ന വിഷയങ്ങളിൽ അതാത് വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരെ യോഗങ്ങളിൽ പങ്കെടുപ്പിക്കുവാനുള്ള അധികാരം കളക്ടർ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഉണ്ടായിരിക്കുന്നതാണ്.

(സി) സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്)77/07 കൃഷി തീയതി 15-5-2007 പ്രകാരമാണ്. പഞ്ചായത്ത് ജില്ലാതല കാർഷിക വികസന സമിതികൾ അവസാനമായി പുനഃസംഘടിപ്പിച്ച് സർക്കാർ ഉത്തരവായത്.

(ഡി&ഇ) കാർഷിക വികസന സമിതി പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക കടാശ്വാസത്തിന് അനുവദിച്ച തുക

201 (4264) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസം നൽകാൻ ബഡ്ജറ്റ് വിഹിതമായി നൽകിയ തുക ചെലവഴിച്ച് തീർന്നിട്ടുണ്ടോ ;

(ബി) അനുവദിച്ച തുക ചെലവഴിച്ചു തീർന്നിട്ടുണ്ടെങ്കിൽ അടിയന്തരമായി കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കടാശ്വാസ നടപടികളുടെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കടാശ്വാസം നൽകുന്നതിനായി നടപ്പുവർഷം കൂടുതൽ തുക ആവശ്യമാണെങ്കിൽ അതിനനുസരിച്ചുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) കടാശ്വാസം ശുപാർശ ചെയ്തുകൊണ്ട് കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് കടാശ്വാസം അനുവദിച്ചുവരുന്നുണ്ട്.

കൃഷിവകുപ്പിൽനിന്നും ആവശ്യമായ തുക യഥാസമയം സഹകരണ രജിസ്ട്രാറുടെ TSB അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്.

കർഷക കടാശ്വാസ കമ്മീഷൻ തീർപ്പു കൽപ്പിച്ച കേസ്സുകളിൽ വീണ്ടും പരിശോധന

202 (4265) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കർഷക കടാശ്വാസ കമ്മീഷൻ തീർപ്പു കൽപ്പിച്ച കേസ്സുകളിൽ ഉദ്യോഗസ്ഥർ വീണ്ടും പരിശോധന നടത്തി ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly